കെ ഗോപിനാഥൻ
വെഞ്ഞാറമൂട്

അലിയാട് മാവിള വീട്ടിൽ കെ ഗോപിനാഥൻ (76, മുൻ സിഐടിയു അംഗം) അന്തരിച്ചു. ഭാര്യ: ഓമന. മക്കൾ: സുദർശനൻ, രജിമോൻ, ഷാജിമോൻ, രജിത. മരുമക്കൾ: രജനി, മിനി, ഹിമ, ബിനു. സഞ്ചയനം ഞായർ രാവിലെ ഒമ്പതിന്.

സി ചെല്ലൻ
നെയ്യാറ്റിൻകര

വഴുതൂർ പവിത്രാനന്ദപുരം കോളനിയിൽ സി ചെല്ലൻ (മണിയൻ, 78, റിട്ട. റെയിൽവേ) അന്തരിച്ചു. ഭാര്യ: സി വാസന്തി. മക്കൾ: നിഷ, നിഷാന്ത്. മരുമക്കൾ: വി ടി ഷിബു, എസ് ആരതി. പ്രാർഥന തിങ്കൾ ഒമ്പതിന്.

കെ പത്മനാഭൻ നായർ
വിളപ്പിൽ

വെള്ളനാട് കണ്ണമ്പള്ളി പുളിമൂട്ട് വീട്ടിൽ കെ പത്മനാഭൻ നായർ (80) അന്തരിച്ചു. ഭാര്യ: പരേതയായ ബേബി. മക്കൾ: സുനിൽനീലിമ (സിപിഐ വെള്ളനാട് ലോക്കൽ സെക്രട്ടറി), അജിത് കുമാർ. മരുമക്കൾ: എ അഞ്ജു, കെ ബി ഷീബ. സഞ്ചയനം ഞായർ 8.30 ന്.

ഉണ്ണി
വലിയവിള

മൈത്രി നഗർ ഡി 54 ൽ ഉണ്ണി (59) അന്തരിച്ചു. ഭാര്യ: ഷീല. മക്കൾ: നരേന്ദ്രൻ, ശ്രീദേവി. മരുമകൻ: മുത്തപ്പൻ. സഞ്ചയനം ഞായർ രാവിലെ എട്ടിന്.

എസ് എസ് ഷഫീഖ്
നെടുമങ്ങാട്

നെടുമങ്ങാട് നെട്ട ഫയ്യാസ് മൻസിലിൽ എസ് എസ് ഷഫീഖ് (45, വാളിക്കോട് ഗസൽ ഓട്ടോ മൊബൈൽസ് ഉടമ) അന്തരിച്ചു. ഭാര്യ: എസ് സബീന. മകൻ: ഫയ്യാസ്.

ഭവാനി
തിരുവനന്തപുരം

പൂന്തുറ പുതുവൽ പുത്തൻ വീട്ടിൽ ഭവാനി (97) അന്തരിച്ചു. ഭർത്താവ്: പരേതനായ ഭാസ്കരൻ. മക്കൾ: രാജേന്ദ്രൻ, ഗിരിജ, സോമലത, സത്യഭാമ, മഹേന്ദ്രൻ. മരുമക്കൾ: കെ അനിത, ശരത്ചന്ദ്രബാബു, പി മിനി, പരേതരായ അശോകൻ, മഹേന്ദ്രകുമാർ. സഞ്ചയനം തിങ്കൾ രാവിലെ 7.30ന്.

അമ്മിണി
കമലേശ്വരം

നമ്പി ഗാർഡൻസ് എച്ച് നമ്പർ–11 അഞ്ജലിയിൽ അമ്മിണി (73, റിട്ട. കെഎച്ച്ആർഡബ്ല്യുഎസ്) അന്തരിച്ചു. ഭർത്താവ്: എ യു ഗോപാലൻ (റിട്ട. ഐഎസ്ആർഒ). മക്കൾ: സന്ധ്യ, സിന്ധു. മരുമക്കൾ: വസന്ത ഗോപാലൻ (കേരള യൂണിവേഴ്സിറ്റി, ഐഎംകെ ഹെഡ്), അനൂപ് (ഐഎസ്ആർഒ).

ജോസഫ് തോമസ്
അമലഗിരി

തുണ്ടിപറമ്പിൽ പരേതനായ ടി ജെ തോമസിന്റെ (റിട്ട. കെഎസ്ഇബി) മകൻ ജോസഫ് തോമസ് (ജോമോൻ – 53) അന്തരിച്ചു. സംസ്കാരം ബുധൻ പകൽ 11ന് മുടിയൂർക്കര തിരുകുടുംബ ദേവാലയ സെമിത്തേരിയിൽ. ഭാര്യ: ജസ്സിമോൾ തൈമലയിൽ കുടുംബാംഗം. മക്കൾ: ഹണിമോൾ ജോസഫ് (ബംഗളൂരു), ടോണി ജോസഫ് (ദുബായ്).

കൃഷ്ണപിള്ള
നെയ്യാറ്റിൻകര

തത്തിയൂർ കാക്കവിളാകത്ത് റോഡരികത്ത് വീട്ടിൽ എൻ കൃഷ്ണപിള്ള (95) അന്തരിച്ചു. ഭാര്യ: പരേതയായ സുമതി. മക്കൾ: പരേതയായ സരസ്വതിയമ്മ, ശാന്തകുമാരി, ശ്രീകുമാരൻനായർ, വേലപ്പൻനായർ, രേണുകാദേവി. മരുമക്കൾ: ശോഭന, ലേഖ, ചന്ദ്രൻനായർ, പരേതരായ രവീന്ദ്രൻ നായർ, വേലപ്പൻനായർ. സഞ്ചയനം ഞായർ രാവിലെ ഒമ്പതിന്.

പി കൃഷ്ണൻ
പോങ്ങുംമൂട്

മെഡിക്കൽ കോളേജ് മുരുകസദനത്തിൽ പി കൃഷ്ണൻ (72) അന്തരിച്ചു. ഭാര്യ: പി ദേവി. മക്കൾ: പ്രീത പി കൃഷ്ണൻ, പ്രദീപ് കൃഷ്ണൻ. മരുമക്കൾ: ആർ രഞ്ജിത്, സൗമ്യ. സഞ്ചയനം ഞായർ രാവിലെ 8.30ന്.

വിജയൻ
മണ്ണാംമൂട്

അരുവിക്കോണം എസ് വിജയൻ (63) അന്തരിച്ചു. ഭാര്യ: അനില. മക്കൾ: അജി, വിഷ്ണു, അശ്വതി. മരുമകൻ സജി.

ശ്രീകണ്ഠൻ നായർ
കരകുളം

മുല്ലശ്ശേരി പതിയനാട് വീട്ടിൽ ശ്രീകണ്ഠൻ നായർ (63)അന്തരിച്ചു, ഭാര്യ: മിനികുമാരി. മക്കൾ: അഭിജിത്ത്, ആനന്ദ്. മരുമക്കൾ: അപർണ, ശരണ്യ. സഞ്ചയനം വ്യാഴം രാവിലെ 8.30 ന്.

ജി പ്രസന്നൻ
കുളത്തൂർ

വയവിളാകം ജി പ്രസന്നൻ (72) അന്തരിച്ചു. ഭാര്യ: അജിതകുമാരി.

ഇ ദേവരാജ്
കാഞ്ഞിരംകുളം

കാക്കനാംകാലം രാജ് കോട്ടേജിൽ വിമുക്തഭടൻ ഇ ദേവരാജ് (ദാസ്, 73) അന്തരിച്ചു. സംസ്കാരം ബുധൻ രാവിലെ 10ന്. ഭാര്യ: ജെമേരി. മക്കൾ: അജിൽരാജ്, ആൻസി. മരുമക്കൾ: ഷീജ, കിരൺലാൽ രാജ്.

ആന്റണി മാത്യു
കുറുമ്പനാടം

ഇലഞ്ഞിക്കോട് ആന്റണി മാത്യു(കുട്ടപ്പൻ 88) അന്തരിച്ചു. സംസ്കാരം ബുധൻ രാവിലെ 10ന് കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോന പള്ളിയിൽ. ഭാര്യ പരേതയായ അന്നമ്മ(ചമ്പക്കുളം കൊന്നയ്ക്കൽ കുടുംബാംഗം). മക്കൾ: ആൻസി, ലിസി, റോസി, ഷിബു. മരുമക്കൾ: പരേതനായ സെബാസ്റ്റ്യൻ ഫ്രാൻസിസ് അറവാക്കൽ, സാബു കാവാലം, ബിനു മണിമല, റീന ചമ്പക്കുളം.

മനു മാത്യു
വാഴൂർ

17ാം മൈൽ പുളിമൂട്ടിൽ മാത്തുക്കുട്ടിയുടെ മകൻ മനു മാത്യു (27) അന്തരിച്ചു. അമ്മ: ആലീസ്, ഇളങ്ങുളം കാഞ്ഞിരക്കാട്ട് കുടുംബാംഗം. സഹോദരൻ: മനോജ്.

ജയന്തൻ നായർ
നെയ്യാറ്റിൻകര

കുഴിവിളാകത്തുവീട്ടിൽ ജയന്തൻ നായർ (64)അന്തരിച്ചു. ഭാര്യ: പരേതയായ ശ്രീകുമാരി. മക്കൾ: ധന്യ എസ് നായർ, ശ്രീകുമാർ, രമ്യ എസ് നായർ. മരുമക്കൾ: പി സുരേഷ് കുമാർ, എ എസ് ലക്ഷ്മി, പ്രവീൺ വി നായർ. സഞ്ചയനം വ്യാഴം രാവിലെ എട്ടിന്.

ശിശുപാലൻപിള്ള
കല്ലറ

മുല്ലക്കര ആനന്ദവിലാസത്തിൽ ശിശുപാലൻപിള്ള (63) അന്തരിച്ചു. ഭാര്യ: ഗീതമ്മ. മക്കൾ: അശ്വതി. അജിത്ത്, മരുമക്കൾ: ഹരികുമാർ, അശ്വതി പി നായർ. സഞ്ചയനം ഞായർ രാവിലെ ഒമ്പതിന്.

ജലാൽ
കാട്ടാക്കട

കട്ടയ്ക്കോട് കാവുവിള കുക്കുറിഞ്ഞി സജീൻ മൻസിലിൽ ജലാൽ (63)അന്തരിച്ചു. ഭാര്യ: ഹിദായത്ത് ബീവി. മക്കൾ: സജീൻ , സജിന, അൽഅമീൻ. മരുമകൻ: സക്കറിയ.

കെ വിക്രമൻപിള്ള
നേമം

കരിക്കകുന്ന്, മണലുവിള ഇടയ്ക്കോട് നന്ദനത്തിൽ കെ വിക്രമൻപിള്ള (76)അന്തരിച്ചു. ഭാര്യ: രാധാഭായി. മക്കൾ: സുനിൽകുമാർ, പരേതനായ ദിലീപ്കുമാർ. മരുമകൾ: മഞ്ജു സുനിൽ. സഞ്ചയനം ഞായർ രാവിലെ എട്ടിന്.

എൻ ഗോപിനാഥൻ
വെമ്പായം

കൊഞ്ചിറ ദേവാമൃതം പ്ലാങ്കാലയിൽ എൻ ഗോപിനാഥൻ (75) അന്തരിച്ചു. മക്കൾ: അപ്പൂര. അഭിലാഷ്. മരു മക്കൾ: മുരളീധരൻ, നിമ്മി.

ആലീസ് ജോസഫ്
കുറുപ്പന്തറ

ഇരവിമംഗലം കാരിവേലിൽ ആലീസ് ജോസഫ് (69) അന്തരിച്ചു. സംസ്കാരം വ്യാഴം പകൽ 2.30ന് മണ്ണാറപ്പാറ സെന്റ് സേവ്യേഴ്സ് ദേവാലയത്തിൽ. ഭർത്താവ് പരേതനായ ജോസഫ് (അപ്പച്ചൻ). മക്കൾ: അജി ജോസഫ് (റെയിൽവേ പാലക്കാട്), ആൻസി ജോസഫ് (യുഎസ്എ), അനിൽ ജോസഫ്(അയർലൻഡ്), അനീഷ് ജോസഫ് (അയർലൻഡ്), അജിനി ജോസഫ് (കുറുപ്പന്തറ). മരുമക്കൾ: സ്മിത മാത്യു (ടീച്ചർ, പുതു പരിയാരം പാലക്കാട്), ജേക്കബ് മാത്യു (യുഎസ്എ), എൽസി (അയർലൻഡ്), പ്രിൻസി ഫിലിപ്പ് (അയർലൻഡ്), സിമ്മി മാത്യു, വെട്ടംതടത്തിൽ (കുറുപ്പന്തറ).

കെ എസ് തോമസ്
ചെമ്മലമറ്റം

കാരമുള്ളിൽ കെ എസ് തോമസ് (64) അന്തരിച്ചു. സംസ്കാരം ബുധൻ രാവിലെ 10ന് ചെമ്മലമറ്റം പന്ത്രണ്ടു ശ്ലീഹന്മാരുടെ പള്ളി സെമിത്തേരിയിൽ. ഭാര്യ എൽസമ്മ തോമസ്. മക്കൾ: ജീനാ, ജിബിൻ, ജോമോൻ.

തങ്കയ്യൻ
പാറശാല

കോട്ടവിള കൃഷ്ണമന്ദിരത്തിൽ തങ്കയ്യൻ (86)അന്തരിച്ചു. ഭാര്യ: റോസമ്മ. മക്കൾ: സുകുമാരൻ, ശ്രീകുമാരൻ, അംബിക, കൃഷ്ണൻകുട്ടി, പങ്കജാക്ഷി, ശാന്ത, ലളിത. മരുമക്കൾ: സൗധ, രാജകുമാരി, ദേവദാസൻ, ലളിത, ലിവിങ്സ്റ്റൺ, വിജയകുമാർ, ചന്ദ്രൻ. സഞ്ചയനം തിങ്കൾ രാവിലെ ഒമ്പതിന്.

അപ്പുക്കുട്ടൻ ആശാരി
വെള്ളറട

കുടയാൽ ഞാറയ്ക്കപ്പൊറ്റ കൃഷ്ണഭവനിൽ അപ്പുക്കുട്ടൻആശാരി (67) അന്തരിച്ചു. ഭാര്യ: പ്രഭ. മക്കൾ: കൃഷ്ണ അജി, അനൂപ സജീവ്. മരുമക്കൾ: അജികുമാർ, സജീവ്.

സുരേഷ്കുമാർ
പേയാട്

കാട്ടുവിള ചരുവിളവീട്ടിൽ കെ സുരേഷ്കുമാർ (61) അന്തരിച്ചു. ഭാര്യ: ബി സുനിതകുമാരി. മക്കൾ: അർജുൻ, അഭിരാമി, അശ്വതി. സഞ്ചയനം വെള്ളി രാവിലെ 8.30ന്.

രാംപ്രസാദ്
കോവളം

ആഴാകുളം തൊഴിച്ചൽ നിഷാ ഭവനിൽ രാംപ്രസാദ് (43) അന്തരിച്ചു. ഭാര്യ: മിനി പ്രസാദ്. മക്കൾ: സ്നേഹ പ്രസാദ്, വരുൺ പ്രസാദ്, വർഷ പ്രസാദ്. മരുമക്കൾ: രാജീവ്, പ്രജോത്. സഞ്ചയനം ഞായർ രാവിലെ 8.30 ന്.

എസ് പൊന്നയ്യൻ
മലയിൻകീഴ്

ഈഴക്കോട് കിണറുംകുഴി വീട്ടിൽ എസ് പൊന്നയ്യൻ (78) അന്തരിച്ചു. ഭാര്യ: പരേതയായ സുഗന്ധിഭായി. മക്കൾ: ഷിജു, ലിജു. മരുമകൾ: ടി എസ് ദീപ.

അമ്മിണി ജോസഫ്
കോട്ടയം

ആഞ്ഞിലിവേലിൽ അമ്മിണി ജോസഫ്(80, റിട്ട. പ്രൊഫസർ, ബികെ കോളേജ് അമലഗിരി) അന്തരിച്ചു. സംസ്കാരം വെള്ളി പകൽ മൂന്നിന് കോട്ടയം ലൂർദ്ദ് ഫൊറോനാപള്ളി സെമിത്തേരിയിൽ. ഗാന്ധി യൂണിവേഴ്സിറ്റി ബോർഡ് ഓഫ് സ്റ്റഡീസിന്റെ പ്രഥമ ചെയർപേഴ്സണായിരുന്നു. ചങ്ങനാശേരി മണക്കുന്നേൽ കുടുംബാംഗമാണ്. ഭർത്താവ്: ജോസഫ് മാത്യു(റിട്ട. സഹകരണ ഡെപ്യൂട്ടി രജിസ്ട്രാർ). മക്കൾ: മിനി, സുനിത, സുനോജ്, ബിനോജ്. മരുമക്കൾ: ബെന്നി വരകുകാലായിൽ (മുംബൈ), ബിനോ വെണ്ണാലിൽ (യുഎഇ), ലിൻസി പാലത്തറ (സൗദി), ഷാന്റി വാതല്ലൂർ (യുഎഇ).

സെബാസ്റ്റ്യൻ ജേക്കബ്
ഇളങ്ങുളം

ഒട്ടയ്ക്കൽ പയ്യംപള്ളിയിൽ (തീപ്പൊരി) സെബാസ്റ്റ്യൻ ജേക്കബ് (ജോസ് – 67) അന്തരിച്ചു. സംസ്കാരം ബുധൻ പകൽ മൂന്നിന് ഇളംങ്ങുളം സെന്റ് മേരീസ് പള്ളിയിൽ. ഭാര്യ: കുഞ്ഞമ്മ (എടത്വാ കറുകയിൽ കപ്പമാവുങ്കൽ കുടുംബം). മക്കൾ: ജോബിൻ, ജീനാ, ജിൻസി (ഡൽഹി). മരുമക്കൾ: റിജോമോൾ (ഡൽഹി) കരിമ്പാനി തുപ്പലഞ്ഞിയിൽ, സിബി പനച്ചിപ്പുറം കൂരോപ്പട, മോനിച്ചൻ കൊച്ചുപറമ്പിൽ ചങ്ങംകരി (ഡൽഹി).

ഭഗവതിക്കുട്ടിയമ്മ
നന്ദൻകോട്

ദേവസ്വം ബോർഡ് ജങ്ഷനിൽ കുടയ്ക്കൽ വീട്ടിൽ ഭഗവതിക്കുട്ടിയമ്മ (99) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 9.30 ന് ശാന്തികവാടത്തിൽ. ഭർത്താവ്: പരേതനായ കൃഷ്ണപിള്ള. മക്കൾ: പരേതയായ സുശീലാദേവി, ലളിതകുമാരി, പരേതനായ ഭാസ്കരൻ നായർ, പ്രസന്നകുമാരി, ഗിരിജ മധു, അംബിക, ഉഷാകുമാരി, ഗീത. മരുമക്കൾ: പരേതയായ ശശി, ഗീത, ദേവപാലൻ നായർ, പരേതനായ സദാശിവൻ നായർ, ഹരിക്കുട്ടൻ നായർ, ബാലചന്ദ്രൻ നായർ, സന്തോഷ് കുമാർ.

മൃണാളിനി
വിഴിഞ്ഞം

ചൊവ്വര മൂലക്കര ലക്ഷ്മി ഭവനിൽ മൃണാളിനി (പ്രിയംവദ, 75) അന്തരിച്ചു. ഭർത്താവ്: പരേതനായ സുരേന്ദ്രൻ (റിട്ട. എസ്ഐ, കേരള പൊലീസ്). മക്കൾ: രാജീവ്, രാജലക്ഷ്മി, സജീവ്. മരുമക്കൾ: അനിൽകുമാർ,രാജി. സഞ്ചയനം ഞായർ ഒമ്പതിന്.

ഓമനയമ്മ
തിരുവനന്തപുരം

മരുതംകുഴി ചെന്നിൻപാറ വീട്ടിൽ ഓമനയമ്മ (90) അന്തരിച്ചു. ഭർത്താവ്: പരേതനായ വേലുപിള്ള. മക്കൾ: പരേതനായ മോഹനകുമാരൻ നായർ, ഇന്ദിരാദേവി, രാധകുമാരി, പരേതയായ രതികുമാരി, പരേതനായ അനിൽകുമാർ. മരുമക്കൾ: പി രാധിക, പരേതനായ രഘുവരൻ നായർ, എം രാജഗോപാൽ, സി മോഹൻ നായർ. സഞ്ചയനം ഞായർ രാവിലെ 8.30.

മാധവിക്കുട്ടിയമ്മ
നെയ്യാറ്റിൻകര

മരുതൂർ ഏറത്ത് വീട്ടിൽ മാധവിക്കുട്ടിയമ്മ (97) അന്തരിച്ചു. ഭർത്താവ്: പരേതനായ ഭാസ്കരൻനായർ. മക്കൾ: പരേതയായ സത്യഭാമ, ശകുന്തളാമേനോൻ, വിജയലക്ഷ്മി, വിശ്വകുമാർ, പരേതനായ പ്രേംകുമാർ. മരുമക്കൾ: പരേതനായ കൃഷ്ണൻകുട്ടി മേനോൻ, രഘുകുമാർ, എൽ ഗീതകുമാരി, വി ഗീതകുമാരി. സഞ്ചയനം ഞായർ രാവിലെ 9.30ന്.

കൃഷ്ണമ്മ
തിരുവനന്തപുരം

കാച്ചാണി, കളത്തുകാൽ കല്ലറ വീട്ടിൽ കൃഷ്ണമ്മ (88) അന്തരിച്ചു. അച്ഛൻ: കൊച്ചപ്പി പണിക്കർ. അമ്മ: ലക്ഷ്മി. സഞ്ചയനം ഞായർ രാവിലെ 8.30ന്.

ലീല
കാര്യവട്ടം

തുണ്ടത്തിൽ കൊക്കറപറമ്പ് ആർ എൽ നിവാസിൽ ലീല (67)അന്തരിച്ചു ഭർത്താവ് പരേതനായ രാജനാശാരി. മകൻ: രജിലാൽ, പരേതനായ സജിലാൽ. മരുമകൾ: സിന്ധു സഞ്ചയനം ഞായർ രാവിലെ ഒമ്പതിന്.

സരസമ്മ
പൊൻകുന്നം

കിഴക്കയിൽ സരസമ്മ(72) അന്തരിച്ചു. സംസ്കാരം നടത്തി. ഭർത്താവ്: പരേതനായ പരമേശ്വരൻ നായർ. മക്കൾ: ജ്യോതികുമാരി, ക്ഷേമകുമാരി, ബിനുരാജ്. മരുമക്കൾ: സുരേഷ്(ഈരാറ്റുപേട്ട), സന്തോഷ്(പൂഞ്ഞാർ).

പത്മകുമാരിയമ്മ
ചിറ്റാഴ

അരുവിക്കരക്കോണം പത്മനിവാസിൽ എസ് പത്മകുമാരിയമ്മ (72) അന്തരിച്ചു. ഭർത്താവ്: പരേതനായ ശേഖരൻനായർ. മക്കൾ: ബിജുകുമാർ, ബിന്ദു. മരുമക്കൾ: പി വി ദീപ, ജി അനിൽകുമാർ. സഞ്ചയനം ഞായർ രാവിലെ 8.30ന്.

സീതമ്മാൾ
വർക്കല

വിളബ്ഭാഗം വലയന്റകുഴി ചേമ്പ്പണവീട്ടിൽ സീതമ്മാൾ (87)അന്തരിച്ചു. ഭർത്താവ്: പരേതനായ ജനാർദ്ദനൻ ചെട്ടിയാർ. മക്കൾ: ശശി, രാധ, രാധാകൃഷ്ണൻ, പരേതനായ വിജയൻ. മരുമക്കൾ: തുളസി, ജയശ്രീ, ഗിരിജ. സഞ്ചയനം 30ന് രാവിലെ 8.30ന്.

ശകുന്തള
മുക്കോലയ്ക്കൽ

തോപ്പിൽവീട്ടിൽ ശകുന്തള (62) അന്തരിച്ചു. ഭർത്താവ്: എം സുരേന്ദ്രൻ. മക്കൾ: ദീപ, ദീപു. മരുമക്കൾ: ഷിബു, അഖില. സഞ്ചയനം ഞായർ രാവിലെ 8.30ന്.

സുമതി
വർക്കല

വിളബ്ഭാഗം അകൈവിളാകം വീട്ടിൽ സുമതി (86) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ ഒമ്പതിന് വീട്ടുവളപ്പിൽ. ഭർത്താവ്: ടി ജി കൊച്ചുനാരായണൻ (സിപിഐ എം വെട്ടൂർ മുൻ ലോക്കൽ സെക്രട്ടറി). മക്കൾ: ഷാജി, അനിൽ, അജി. മരുമക്കൾ: ജയശ്രീ, ഷീബ, ജിനി.

സുഷമ
വെഞ്ഞാറമൂട്

വാവുക്കോണം സന്ധ്യഭവനിൽ സുഷമ (67) അന്തരിച്ചു. ഭർത്താവ്: ശശിധരൻ നായർ. മക്കൾ: സന്ധ്യ, താര. മരുമക്കൾ: സന്തോഷ്, വിജയകുമാർ. സഞ്ചയനം ഞായർ രാവിലെ ഒമ്പതിന്.

തങ്കമ്മ
കോവളം

നെടുമം ചാന്നാൻവിള വീട്ടിൽ തങ്കമ്മ(77) അന്തരിച്ചു. അറപ്പുര ക്ഷേത്ര ട്രസ്റ്റ് കുടുംബാംഗമാണ്. മകൾ: പരേതയായ ശോഭന. സഞ്ചയനം വെള്ളി എട്ടിന്.

ശ്യാമളയമ്മ
ബാലരാമപുരം

വടക്കേവിള പ്ലാവിള പുത്തൻ വീട്ടിൽ ശ്യാമളയമ്മ(87) അന്തരിച്ചു. ഭർത്താവ്: പരേതനായ സുബ്രഹ്മണ്യപിള്ള. മക്കൾ: മോഹനൻ, കൃഷ്ണൻ നായർ, വിനോദ്. മരുമക്കൾ: ശ്രീകല, ഒ ശ്രീകല, എസ് ശോഭ.സഞ്ചയനം ഞായർ രാവിലെ 8.30ന്.

പി ഡി തങ്കപ്പൻ
മുട്ടം

പുളിക്കത്തൊട്ടിയിൽ പി ഡി തങ്കപ്പൻ(88) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: തങ്കമണി പുത്തൻകുരിശ് കൊച്ചുപുരയ്ക്കൽ കുടുംബാംഗം. മക്കൾ: സിബി, ഷാജൻ, സൽജൻ. മരുമക്കൾ: നീതു, വിജിൽ.

വാസന്തിയമ്മ
മംഗലപുരം

ചിലമ്പിൽ വസന്തവിലാസത്തിൽ വാസന്തിയമ്മ (73) അന്തരിച്ചു. ഭർത്താവ്: പരേതനായ രഘുനാഥൻ നായർ. മക്കൾ: ലതിക, ഷീല, ഷൈലജ. മരുമക്കൾ: വത്സലൻ നായർ, വാസുദേവൻ നായർ, ഉമേഷ്കുമാർ. സഞ്ചയനം ഞായർ രാവിലെ ഒമ്പതിന്.

ചിത്ര
വക്കം

മാച്ചേരി വീട്ടിൽ ചിത്ര (55) അന്തരിച്ചു. ഭർത്താവ്: ശശികുമാർ (സിപിഐ എം വെള്ളിവിളാകം ബ്രാഞ്ച് അംഗം). മക്കൾ: നന്ദു, നന്ദന. മരുമക്കൾ: അംബു, അക്ഷയ. സഞ്ചയനം ഞായർ രാവിലെ 8.30ന്.

കസ്തൂരി
തിരുവനന്തപുരം

ജഗതി ഈശ്വരവിലാസം ഇവിആർഎ 311 സഖരികയിൽ സി കസ്തൂരി (68) അന്തരിച്ചു. ഭർത്താവ്: ആർ കേശവൻ ആചാരി. മക്കൾ: മണികണ്ഠൻ, രാമലക്ഷ്മി. മരുമക്കൾ: കെ റാണി, സുബ്രമണ്യൻ.

കെ ശാന്ത
പേരൂർക്കട

അമ്പലമുക്ക് വേണുഭവൻ, ടിസി 31/3190 ൽ കെ ശാന്ത (83) അന്തരിച്ചു. ഭർത്താവ്: പരേതനായ ഗോപാലൻ. മകൾ: ചിത്രകുമാരി. മരുമകൻ: പരേതനായ ജി വേണു. സഞ്ചയനം വെള്ളി രാവിലെ എട്ടിന്.

ഉബൈദാബീവി
വെമ്പായം

ബിസ്മിയിൽ ഉബൈദാബീവി (82) അന്തരിച്ചു. ഭർത്താവ്: പരേതനായ കൊട്ടിയം ഷംസുദീൻ. മക്കൾ: സാദിക് ഷംസുദീൻ, ഷീബ ഷാജഹാൻ. മരുമക്കൾ: ഷാജഹാൻ, ഡോ. ഷീല സാദിക്.

ഷൈല
പാങ്ങപ്പാറ

മൺവിള സുബ്രഹ്മണ്യ നഗറിൽ ഷൈല (49) അന്തരിച്ചു. ഭർത്താവ്: ഷാജു. മക്കൾ: അർച്ചന ഷാജു, അനന്ദു ഷാജു. സഞ്ചയനം തിങ്കൾ രാവിലെ 8.30ന്.

ഏലിയാമ്മ തോമസ്
കാനം

കൊന്നയ്ക്കൽ മുണ്ടമറ്റത്ത് ഏലിയാമ്മ തോമസ് (78) അന്തരിച്ചു. സംസ്കാരം ബുധൻ രാവിലെ 9.30ന് സെന്റ് മേരീസ് പള്ളി സെമിത്തേരിയിൽ. ചെങ്ങരൂർ ചിറയിൽ കുടുംബാംഗമാണ്. ഭർത്താവ്: പരേതനായ തോമസ്. മക്കൾ: ജെസ്സി, മിനി, മോൻസി. മരുമക്കൾ: ലാലിച്ചൻ, തങ്കച്ചൻ, സുനിജ.

ഭവാനി
മള്ളൂശ്ശേരി

മമ്പള്ളിത്താഴെ ഭവാനി (87) അന്തരിച്ചു. ഭർത്താവ്: പരേതനായ രാജപ്പൻ. മക്കൾ: ശോഭന, വിജയൻ (കെആർകെ), ബാബു. മരുമക്കൾ: അച്ചൻകുഞ്ഞ് (പമ്പാടി), പ്രിയമ്മ, ശ്രീദേവി.

മരിച്ചത് രക്തസാക്ഷി എം എസ് പ്രസാദിന്റെ സഹോദരൻ എം എസ് മധു

ബസും ടിപ്പറും കൂട്ടിയിടിച്ച് സിപിഐ എം മുൻ ലോക്കൽ സെക്രട്ടറി മരിച്ചു

29 പേർക്ക് പരിക്ക്

എം എസ് മധു

കോന്നി

കൊന്നപ്പാറയിൽ ടിപ്പർ ലോറിയും ബസും കൂട്ടിയിടിച്ച് ടിപ്പർ ഓടിച്ച സിപിഐ എം ചിറ്റാർ മുൻ ലോക്കൽ സെക്രട്ടറി മാമ്പറയിൽ എം എസ് മധു (65) മരിച്ചു. ചൊവ്വ രാവിലെ ഏഴോടെയാണ് അപകടം. രക്തസാക്ഷി എം എസ് പ്രസാദിന്റെയും സിപിഐ എം പെരുനാട് ഏരിയ സെക്രട്ടറി എം എസ് രാജേന്ദ്രന്റെയും സഹോദരനാണ്. മൃതദേഹം ബുധൻ രാവിലെ 10 മുതൽ 11 വരെ ചിറ്റാർ ലോക്കൽ കമ്മിറ്റി ഓഫീസിൽ പൊതുദർശനത്തിന് വയ്ക്കും. സംസ്കാരം പകൽ മൂന്നിന് പന്നിയാറിലെ വീട്ടുവളപ്പിൽ. പത്തനംതിട്ട ഭാഗത്തേക്ക് പോയ ബസും എതിരെ വന്ന ടിപ്പർ ലോറിയുമാണ് കൂട്ടി ഇടിച്ചത്. ഇടിയുടെ ആഘാതത്തിൽ ലോറിയുടെ മുൻഭാഗം പൂർണ്ണമായി തകർന്നു. മധു സംഭവ സ്ഥലത്ത് തന്നെ മരിച്ചു. വാഹനം വെട്ടിപ്പൊളിച്ചാണ് മൃതദേഹം പുറത്തെടുത്തത്. ഭാര്യ: ഓമന. മക്കൾ: മനു, മഞ്ജു, മിഥു. മരുമക്കൾ: ദിലീപ്, ബിനോജ്, ജയൻ. മറ്റ് സഹോദരങ്ങൾ: വിജയൻ, വത്സല, പ്രസന്ന, ഇന്ദിര, ചിത്ര.

കുളിക്കാനിറങ്ങിയ വൃദ്ധൻ ആറ്റിൽവീണ് മരിച്ചു

ശിവൻകുട്ടി

കോവളം

നെയ്യാറിലെ മാവിളക്കടവ് പാലത്തിന് സമീപം തിങ്കളാഴ്ച വൈകിട്ട് ആറിന് കുളിക്കാനിറങ്ങിയ വൃദ്ധൻ കാൽവഴുതി ആറ്റിൽവീണ് മരിച്ചു. തിരുപുറം കഞ്ചാംപഴിഞ്ഞി കിഴക്കേ ഭാഗത്ത് പരേതനായ ചെല്ലപ്പൻ പിള്ളയുടെയും ലളിതാമ്മയുടെയും മകൻ ശിവൻകുട്ടി (60) ആണ് മരിച്ചത്. ഇളയ അനുജൻ കൃഷ്ണകുമാറിനോടൊപ്പമായിരുന്നു താമസം. അവിവാഹിതനായ ശിവൻകുട്ടി മാനസിക അസ്വാസ്ഥ്യമുള്ള ആളാണ്. പൂവാർ പൊലീസ് കേസെടുത്തു. ചൊവ്വാഴ്ച തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മൃതദേഹം പോസ്റ്റ്മോർട്ടം നടത്തി വീട്ടുവളപ്പിൽ സംസ്കരിച്ചു.

കെട്ടിടത്തിനു മുകളിൽ നിന്നുവീണ് പെയിന്റിങ് തൊഴിലാളി മരിച്ചു

സ്വാദിഖ്

വെഞ്ഞാറമൂട്

കെട്ടിടത്തിനു മുകളിൽ നിന്നുവീണ് പെയിന്റിങ് തൊഴിലാളി മരിച്ചു. ആലംകോട് തെറ്റിവള വീട്ടിൽ സ്വാദിഖ് (50) ആണ് മരിച്ചത്. ചൊവ്വ വൈകിട്ട് മൂന്നിന് വെഞ്ഞാറമൂട് കിഴക്കേ റോഡിൽ ചന്തയ്ക്ക് സമീപമുള്ള ഒരു കെട്ടിടത്തിന്റെ പെയിന്റിങ് ജോലിക്കിടെയായിരുന്നു അപകടം. രണ്ടാം നിലയിലെ പുറം ചുമരുകളിലൊന്നിൽ പെയിന്റ് ചെയ്തുകൊണ്ടിരിക്കെ താഴെ വീഴുകയും സാരമായി പരിക്കേൽക്കുകയും ചെയ്തു.

തുടർന്ന് ഒപ്പമുണ്ടായിരുന്നവർ ഇദ്ദേഹത്തെ വെഞ്ഞാറമൂട്ടിലെ സ്വകാര്യ മെഡിക്കൽ കോളേജാശുപത്രിയിൽ പ്രവേശിപ്പിച്ചുവെങ്കിലും മരണമടയുകയുമായിരുന്നു.

വിദ്യാർഥിനി മുങ്ങിമരിച്ചു

മീനു തുളസീധരൻ

കിളിമാനൂർ

കൂട്ടുകാർക്കൊപ്പം ഉല്ലാസയാത്ര പോയ വിദ്യാർഥിനി മുങ്ങിമരിച്ചു. കിളിമാനൂർ മഹാദേവേശ്വരം ക്ഷേത്രത്തിന് സമീപം അനിതാസിൽ തുളസീധരൻ നായർ– അനിത ദമ്പതികളുടെ മകൾ മീനു തുളസീധരൻ (20) ആണ് മുങ്ങിമരിച്ചത്. ചൊവ്വ വൈകിട്ട് പള്ളിക്കലിന് സമീപം ഈരാറ്റിൽ പള്ളിക്കൽ പുഴയാറിലായിരുന്നു അപകടം. തിരുവനന്തപുരം ഗവ. ലോ കോളേജ് വിദ്യാർഥിനിയാണ്. കോളേജിലെ വിദ്യാർഥികൾക്കൊപ്പമാണ് മീനു ഈരാറ്റിലേക്ക് പോയത്. മൃതദേഹം പാരിപ്പള്ളി മെഡിക്കൽ കോളേജ് ആശുപത്രി മോർച്ചറിയിൽ. ചടയമംഗലം പൊലീസ് കേസെടുത്തു. പോസ്റ്റുമോർട്ടത്തിനു ശേഷം ബുധനാഴ്ച സംസ്കാരം നടക്കും. സഹോദരങ്ങൾ: സാനു, ജാനു.

ടി കെ സുകുമാരൻനായർ
കോട്ടയം

ഈരയിൽക്കടവ് വാകശേരിൽ റിട്ട. തഹസിൽദാർ ടി കെ സുകുമാരൻനായർ (76) അന്തരിച്ചു. സംസ്കാരം ബുധൻ പകൽ 11ന് വീട്ടുവളപ്പിൽ. ഭാര്യ: മാഞ്ഞൂർ ജയസദനത്തിൽ ജയശ്രീ. മക്കൾ: കെ എസ് രാജേഷ് (ഡിപ്പാർട്ടുമെന്റ് ഹെഡ് കംപ്യൂട്ടർ ആപ്ലിക്കേഷൻ സെന്റ് ഗിറ്റ്സ് കോളേജ് പാത്താമുട്ടം), കെ എസ് രതീഷ് (എംഐഎസ് മാനേജർ ദുബായ്). മരുമക്കൾ: വീണ എ കുമാർ (അസി. പ്രൊഫസർ സെന്റ് ഗിറ്റ്സ് കോളേജ്), വീനിത (ബയോമെഡിക്കൽ എൻജിനീയർ ദുബായ്) .

ഉലഹന്നാൻ
താമരക്കാട്

മുളയിങ്കൽ ഉലഹന്നാൻ (ഓനാൻകുട്ടി – 90) അന്തരിച്ചു. സംസ്കാരം ബുധൻ പകൽ 3.30ന് (താമരക്കാട് അമനകര) സെന്റ് സെബാസ്റ്റ്യൻസ് ക്നാനായ കത്തോലിക്ക ദേവാലയത്തിൽ. ഭാര്യ: പരേതയായ മറിയക്കുട്ടി പാലകുന്നേൽ കുടുംബാംഗം. മക്കൾ: ജോസ്, പരേതനായ ബേബി, ലിസി, സൈബി. മരുമക്കൾ: വത്സ (തെക്കുമറ്റത്തിൽ മാറിക), ജോൺ (തച്ചാപറമ്പിൽ കൊണ്ടാട്), സജി (അറക്കപ്പറമ്പിൽ പയ്യാവൂർ).

രാധാമണിയമ്മ
കൊടുമ്പിടി

കൊട്ടാരത്തിൽ രാധാമണിയമ്മ(86) അന്തരിച്ചു. സംസ്കാരം ബുധൻ വൈകിട്ട് നാലിന് വീട്ടുവളപ്പിൽ. ഭർത്താവ് പരേതനായ പ്രഭാകരൻനായർ. മക്കൾ: പരേതനായ ബാലകൃഷ്ണൻനായർ, സതി ദേവി. മരുമക്കൾ: ജയശ്രീ പള്ളിപ്പുറം മേവട, ബാലചന്ദ്രൻ നായർ മച്ചുകാട്ട് കയ്യൂർ.

പിക്കപ് വാൻ സ്കൂട്ടറിലിടിച്ച് യുവാവ് മരിച്ചു

വിഷ്ണു

പന്തളം

എം സി റോഡിൽ കുരമ്പാലയിൽ പുലർച്ചെ 12.45 ന് ഉണ്ടായ അപകടത്തിൽ യുവാവിന് ദാരുണാന്ത്യം. പൂഴിക്കാട് സോമാലയത്തിൽ വേണുവിന്റെ മകൻ വിഷ്ണു (22) ആണ് മരിച്ചത്. ഒപ്പം ഉണ്ടായിരുന്ന സുഹൃത്ത് അമൽ (22) നെ പരിക്കുകളോടെ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇരുവരും അടൂരിൽ സിനിമയ്ക്ക് പോയി തിരികെ വരുമ്പോൾ കുരമ്പാല പെട്രോൾ പമ്പിന് സമീപം എതിരെ വന്ന പിക്കപ്പ് വാനുമായി സ്കൂട്ടർ കൂട്ടിയിടിച്ചാണ് അപകടം. അജിതയാണ് വിഷ്ണുവിന്റെ മാതാവ്. സഹോദരൻ: സിദ്ധാർഥ് . സംസ്കാരം നടത്തി.

ഡ്രൈവർ ഓട്ടോയിൽ മരിച്ചനിലയിൽ

സോമൻ

രാജാക്കാട്

രാജാക്കാട് ബിവറേജിന്സമീപം ഓട്ടോറിക്ഷാ ഡ്രൈവറെ ഓട്ടോയുടെ പിൻസീറ്റിൽ മരിച്ചനിലയിൽ കണ്ടെത്തി. പഴയവിടുതി കോഴിപ്പിള്ളി സോമൻ (54) ആണ് മരിച്ചത്. ആത്മഹത്യയെന്നാണ് പൊലീസിന്റെ പ്രാഥമിക നിഗമനം.ഓട്ടോയിൽ നിന്നും വിഷക്കുപ്പി രാജാക്കാട് പൊലീസ് കണ്ടെടുത്തിട്ടുണ്ട്. വർഷങ്ങളായി ഇയാൾ രാജാക്കാട് ടൗണിലെ ഓട്ടോറിക്ഷ ഡ്രൈവറായിരുന്നു. ഭാര്യ വർഷങ്ങൾക്കു മുമ്പ് അസുഖം ബാധിച്ച് മരിച്ചു. അടിമാലി താലൂക്ക് ആശുപത്രിയിൽ പോസ്റ്റ്മോർട്ടത്തിനുശേഷം മൃതദേഹം ബന്ധുക്കൾക്ക് വിട്ടുനൽകി. സംസ്കാരം നടത്തി. മക്കൾ: കാവ്യ, അമൽ.

കെ ജെ ജോസഫ്
മുണ്ടത്താനം

കോവൂർപുരയിടം കെ ജെ ജോസഫ് (ബേബി – 88) അന്തരിച്ചു. സംസ്കാരം ബുധൻ പകൽ മൂന്നിന് സാൽവേഷൻ ആർമി സെൻട്രൽ ചർച്ച് സെമിത്തേരിയിൽ. ഭാര്യ: ഏലിയാമ്മ ജോസഫ്. മക്കൾ: ജിജി ജോസഫ് (അധ്യാപിക എസ്എഎൽപിഎസ് കുന്നന്താനം), ജിനി ജോസഫ്. മരുമക്കൾ: ജയിംസ് മാത്യു (ഓഫീസർ സാൽവേഷൻ ആർമി പുലിക്കല്ല് ചർച്ച്), റോയി എസ്.

ജാനകി
മേമുറി

നെടുംതൊട്ടിയിൽ ജാനകി (96) അന്തരിച്ചു. സംസ്കാരം വ്യാഴം പകൽ ഒന്നിന് വീട്ടുവളപ്പിൽ. ഭർത്താവ് പരേതനായ നാരായണൻ. മക്കൾ: സരോജനി, ശ്രീധരൻ, പെണ്ണമ്മ, ബാബു, ജയൻ. മരുമക്കൾ: കമലാക്ഷൻ, രമ, സൗദാമിനി, കേശവൻ, ശോഭന.

ഫിലിപ്പ്
പുന്നത്തുറ ഈസ്റ്റ്

ഈഴാറാത്ത് ഫിലിപ്പ് (82) അന്തരിച്ചു. സംസ്കാരം പിന്നീട്.